ഉത്തരം

(എ) ഉണ്ട്.

(ബി) പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൂവാറ്റുപുഴ-എറണാകുളം വഴി പാലച്ചുവടു പിറവം ബസ് സർവ്വീസ്

837. [1031] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ-എറണാകുളം വഴി പാലച്ചുവട് പിറവം സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നിർത്തലാക്കിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്നു വ്യക്തമാക്കുമോ ;

(സി) ഈ സർവ്വീസ് പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ ലഭ്യതമൂലം ഇത് സ്ഥിരമായി ഓടിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ഈ സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മൂവാറ്റുപുഴ-എറണാകുളം വഴി കൈനി-അഞ്ചൽപ്പെട്ടി പിറവം ബസ് സർവ്വീസ്

838. [1032] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ-എറണാകുളംവഴി കൈനി-അഞ്ചൽപ്പെട്ടി-പിറവം എന്ന കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നിറുത്തലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർവ്വീസ് പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ കുറവുമൂലം ഈ സർവ്വീസ് താൽക്കാലികമായി നിറുത്തിവച്ചിരിക്കയാണ്.

(സി) വാഹനങ്ങളുടെ ലഭ്യത മെച്ചപ്പെടുന്നതനുസരിച്ച് ഈ സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ചങ്ങനാശ്ശേരി-ചെമ്പേരി ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്

839. [1033] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റു ചെയ്തുവന്ന ചങ്ങനാശ്ശേരി-ചെമ്പേരി ഫാസ്റ്റുപാസഞ്ചർ സർവ്വീസ് എന്നാണ് നിറുത്തലാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly